നം. 436/എം.സി.എ/2010/റ്റി.എ.2/സി.ഇ.ഇ

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001**

## വിജ്ഞാപനം

# മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എം.സി.എ).കോഴ്സിലേയ്ക്കുള്ള കേന്ദ്രീകൃത സീറ്റ് അലോട്ടുമെന്റ് 2010-2011

**മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എം.സി.എ)** കോഴ്സിലേയ്ക്കുള്ള കേന്ദ്രീകൃത സീറ്റ് അലോട്ടുമെന്റ് **2010 ഒക്ടോബർ മാസം 4,5,6 തീയതികളിൽ തിരുവനന്തപുരത്ത് വെള്ളയമ്പലം, കനകക്കുന്നിന് എതിർവശത്തുള്ള ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ** വച്ച്, ജനറൽ റാങ്ക് അടിസ്ഥാനത്തിൽ താഴെ കൊടുത്തിട്ടുള്ള സമയക്രമമനുസരിച്ച് നടത്തുന്നതാണ്.

| **അലോട്ടുമെന്റ് ഷെഡ്യൂൾ** | | |
|---|---|---|
| **തീയതി** | **റിപ്പോർട്ട് ചെയ്യാനുള്ള സമയം** | **റാങ്ക്** |
| 04.10.2010(തിങ്കൾ) | രാവിലെ 10 ന് | 1 - 200 |
| | ഉച്ചയ്ക്ക് 1.30 ന് | 201 - 400 |
| 05.10.2010 (ചൊവ്വ) | രാവിലെ 10 ന് | 401 - 900 |
| | ഉച്ചയ്ക്ക് 1.30 ന് | 901-1500 |
| 06.10.2010 (ബുധൻ) | രാവിലെ 10 ന് | 1501 നു മുകളിൽ |

കേന്ദ്രീകൃത സീറ്റ് അലോട്ടുമെന്റിൽ പങ്കെടുക്കുന്നവർ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡും പ്രോസ്പെക്ടസ്സിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത, ജനനതീയതി മുതലായവ തെളിയിക്കുന്ന അസ്സൽ രേഖകളും ഹാജരാക്കേണ്ടതാണ്. അലോട്ടുമെന്റിൽ പങ്കെടുക്കുന്നതിന് വ്യക്തിപരമായ മെമ്മോകൾ അയയ്ക്കുന്നതല്ല. വിദ്യാർത്ഥികൾ അവരവരുടെ ജനറൽ റാങ്ക് അനുസരിച്ച് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സമയത്തിന് അര മണിക്കൂർ മുമ്പ് അലോട്ടുമെന്റിന് നേരിട്ടോ, അല്ലെങ്കിൽ പ്രോസ്പെക്ടസ്സിലെ അനുബന്ധം VII പ്രകാരമുള്ള അധികാരപത്രവുമായി പ്രതിനിധിയോ ഹാജരാകേണ്ടതാണ്.

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ റ്റ്യൂഷൻ ഫീസ് അലോട്ട്മെന്റ് സ്ഥലത്ത് തന്നെ നൽകേണ്ടതാണ്. (സർക്കാർ/എയ്ഡഡ് കോളേജുകൾ/സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റുകൾ - 7000/- രൂപ. സ്വകാര്യ സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റുകൾ//സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകൾ - 38500/- രൂപ).

പിന്നീട് ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് ഓപ്ഷൻ നൽകുവാനുള്ള സൗകര്യം അലോട്ട്മെന്റ് കേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്. കേന്ദ്രീകൃത അലോട്ടുമെന്റിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളെ ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല.

**<u>പ്രവേശന തീയതി:-</u>** അലോട്ടുമെന്റ് ലഭിച്ചവർ **2010 ഒക്ടോബർ 11, 12, 13** തീയതികളിൽ അതാതു കോളേജിൽ അഡ്മിഷനു വേണ്ടി ഹാജരാകേണ്ടതാണ്.



തിരുവനന്തപുരം

23.09. 2010

**പ്രവേശന പരീക്ഷാ കമ്മീഷണർ**